**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3741** **12-03-2025 - ൽ മറുപടിയ്ക്ക്**

**പടലിക്കാട് ജി.എൽ.പി.എസ്. ഗ്രൗണ്ട് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2023-24 വർഷത്തെ എം.എൽ.എ ആസ്തി വികസന ഫണ്ടിൽനിന്നും ഒരു കോടി രൂപ അനുവദിച്ച് സ്പോർട്സ് കേരള ഫൗണ്ടേഷൻ നിർവഹണ ഏജൻസിയായി നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ പടലിക്കാട് ജി.എൽ.പി.എസ്. ഗ്രൗണ്ട് നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ; | (എ) | 2023-24 വർഷത്തെ എം.എൽ.എ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മലമ്പുഴ നിയോജക മണ്ഡലത്തിലെ മരുത റോഡ് ഗ്രാമ പഞ്ചായത്തിലെ ജി.എൽ.പി.എസ് പടലിക്കാട് സ്കൂൾ ഗ്രൗണ്ട് നവീകരണത്തിനായി മലമ്പുഴ എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 31.07.2024 -ന് പാലക്കാട് ജില്ലാ കളക്ടർ ഒരു കോടി രൂപയുടെ ഭരണാനുമതി നല്കിയിരുന്നതിനെ തുടർന്ന് 09.09.2024 തീയ്യതിയിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ ടി പ്രവൃത്തിയ്ക്ക് 92.59 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി 10.09.2024 തീയതിയിൽ പ്രവൃത്തിയ്ക്ക് ഇ-ദർഘാസ് ക്ഷണിക്കുകയും ഇതനുസരിച്ച് യോഗ്യത നേടിയ കരാറുകാരിൽ വച്ച് ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ M/s. വല്ലമറ്റം കൺസ്ട്രക്ഷൻസ്, എറണാകുളം എന്ന സ്ഥാപനവുമായി 29.10.2024 തീയതിയിൽ കാരാറിലേർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | നിലവിൽ അംഗീകരിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ ഭേദഗതികൾ വരുത്തുന്നുണ്ടോ; വ്യക്തമാക്കാമോ? | (ബി) | 32.4 മീ x 20.5 മീ x 9.00 മീ സൈസിലുള്ള ഇൻഡോർ കോർട്ടാണ് പ്രസ്തുത എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഇൻഡോർ കോർട്ടിന്റെ വീതി ഏറ്റവും കുറഞ്ഞത് 21 മീറ്റർ ആവശ്യമാണെന്ന് അറിയിച്ചു കൊണ്ട് പാലക്കാട് ജില്ലാ ഖോഖോ അസോസിയേഷൻ സെക്രട്ടറി എം.എൽ.എ-യ്ക്ക് കത്ത് നല്കിയതിന്റെ അടിസ്ഥാനത്തിൽ കോർട്ടിന്റെ സൈസ് വർദ്ധിപ്പിച്ച് PEB Structural design VET ചെയ്ത് ലഭിക്കുന്നതിനായി തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ അംഗീകാരം ലഭിച്ചാലുടൻ ഇൻഡോർ കോർട്ടിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ